# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4447 — 04.02.2014-ൽ മറുപടിക്ക്

## കാഞ്ഞങ്ങാട് പരപ്പയിൽ പോളിടെക്നിക് സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പരപ്പ ആസ്ഥാനമായി ഗവൺമെന്റ് പോളിടെക്നിക് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) യും (ബി)യും ഉണ്ട്. സംസ്ഥാനത്ത് ആവശ്യത്തിലധികം എഞ്ചിനീയറിംഗ് സീറ്റുകൾ നിലവിലുള്ളതിനാലും വമ്പിച്ച അധിക സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാലും സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കേണ്ടതില്ല എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം പരിഗണിച്ചിട്ടില്ല. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോളിടെക്നിക്കുകളാണ് അനുവദിച്ചിട്ടുള്ളത്; ഡി) പുതുതായി അനുവദിച്ച പോളിടെക്നിക്കുകളുടെ പട്ടികയും ആരംഭിച്ച തീയതിയും ലഭ്യമാക്കാമോ? | (സി) യും (ഡി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2013-14 ലെ ബജറ്റ് പ്രസംഗത്തിൽ ഹരിപ്പാടും, 2014-15 ലെ ബജറ്റ് പ്രസംഗത്തിൽ കോഴിക്കോട് ജില്ലയിലെ മുക്കം പഞ്ചായത്തിലും പുതിയ പോളിടെക്നിക് ആരംഭിക്കുന്നതാണെന്നും മാനന്തവാടിയിൽ ദ്വാരക ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക് ആയി ഉയർത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ മേഖലയിൽ പുതുതായി ആരംഭിച്ച പോളിടെക്നിക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സർക്കാർ ഉത്തരവ് നമ്പരും തീയതിയും |
|---|---|---|
| 1 | സെന്റ് മേരീസ് പോളിടെക്നിക്, പാലക്കാട് | ജി.ഒ(എം.എസ്)നം.149/11/ഉവിവ തീയതി 24.08.2011 |
| 2 | മാദീൻ പോളിടെക്നിക്, മലപ്പുറം | ജി.ഒ(എം.എസ്)നം.181/11/ഉവിവ തീയതി 05.09.2011 |
| 3 | അൽ അസ്സർ പോളിടെക്നിക്, ഇടുക്കി | ജി.ഒ(എം.എസ്)നം.177/12/ഉവിവ തീയതി 08.06.2012 |
| 4 | മലബാർ പോളിടെക്നിക് കാമ്പസ്, പാലക്കാട് | ജി.ഒ(എം.എസ്)നം.185/12/ഉവിവ തീയതി 15.06.2012 |
| 5 | ഏരീസ് പോളിടെക്നിക്, പാലക്കാട് | ജി.ഒ(എം.എസ്)നം.124/13/ഉവിവ തീയതി 07.05.2013 |